# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2402** | **18/02/2016-ൽ മറുപടിക്ക്**

### നിരോധിക്കപ്പെട്ട മരുന്നുകളുടെ പട്ടിക

ചോദ്യം | മറുപടി

**ശ്രീ. കെ.എം.ഷാജി**

**ശ്രീ. വി.എസ്. ശിവകുമാർ**
**(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)**

| | | |
|---|---|---|
| എ) നിരോധിക്കപ്പെട്ട മരുന്നുകൾ വിറ്റഴിക്കപ്പെടുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എങ്കിൽ ഇതിനെതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | എ) | നിരോധിക്കപ്പെട്ട മരുന്നുകൾ വിറ്റഴിക്കപ്പെടുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കേന്ദ്ര സർക്കാരാണ് മരുന്നുകളുടെ പാർശ്വഫലങ്ങളുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മരുന്നുകൾ നിരോധിക്കാൻ ഉത്തരവിറക്കുന്നത്. ഇത് ലഭ്യമായാൽ ഉടൻതന്നെ ഈ മരുന്നുകളോ അവയുടെ ചേരുവകളോ നിർമ്മിക്കുന്ന നിർമ്മാതാക്കളുടെ പ്രോഡക്ട് പെർമിറ്റ് അതാത് സംസ്ഥാന ഡ്രഗ്സ് കൺട്രോളർമാർ പിൻവലിക്കുകയും വിപണിയിലുള്ള സ്റ്റോക്കുകൾ തിരികെയെടുപ്പിച്ച് യഥാവിധം നശിപ്പിക്കുവാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ആയതിനാൽ നിരോധിക്കപ്പെട്ട മരുന്നുകൾ വിപണിയിൽ ലഭ്യമാകുന്നില്ല എന്ന് ഉറപ്പാക്കുന്നുണ്ട്. |
| ബി) നിരോധിക്കപ്പെട്ട മരുന്നുകളുടെ പട്ടിക യഥാസമയം പൊതുജനങ്ങളെയും ഫാർമസിസ്റ്റുകളെയും അറിയിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ; | ബി) | ഏതെങ്കിലും മരുന്നോ, അവയുടെ ചേരുവകളോ നിരോധിച്ചുകൊണ്ടുള്ള കേന്ദ്ര സർക്കാരിന്റെ ഉത്തരവ് ലഭ്യമായാൽ ഉടൻതന്നെ ഇത്തരം മരുന്നു നിർമ്മാതാക്കളുടെ പൂർണ്ണമായ ലിസ്റ്റ് തയ്യാറാക്കി ഇവരുടെ സംസ്ഥാനത്തെ ഫസ്റ്റ് പോയിന്റ് സെല്ലേഴ്സിന്റെ സ്ഥാപനങ്ങളിൽ നിന്ന് ഇവയുടെ തുടർന്നുള്ള വിപണനം നിർത്തി വയ്പിക്കുകയും വിപണിയിലുള്ള സ്റ്റോക്ക് സമയബന്ധിതമായി തിരിച്ചെടുപ്പിച്ച് നശിപ്പിക്കുന്നതിലേക്കായി നിർമ്മാതാക്കൾക്ക് തിരിച്ചയയ്ക്കാൻ വകുപ്പ് നടപടി സ്വീകരിക്കുകയും ചെയ്യുന്നു. ഇപ്രകാരം നിരോധിക്കപ്പെട്ട മരുന്നുകൾ വിപണിയിൽ നിന്ന് പൂർണ്ണമായി പിൻവലിക്കുവാൻ വകുപ്പിന് സാധിക്കുന്നുണ്ട്. കൂടാതെ നിരോധിക്കപ്പെട്ട മരുന്നുകളുടെ വിശദാംശങ്ങൾ |

| | | |
|---|---|---|
| | | പൊതുജനങ്ങൾക്കും, ആരോഗ്യ മേഖലയിലെ ബന്ധപ്പെട്ട എല്ലാവരേയും അറിയിക്കുന്നതിലേയ്ക്കായി പി & ആർ.ഡി വിഭാഗം വഴി പത്ര മാധ്യമങ്ങൾക്ക് വിവരങ്ങൾ നൽകാറുണ്ട്. ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ നിരോധിക്കപ്പെട്ട മരുന്നുകളുടെ വിശദ വിവരങ്ങൾ പ്രസിദ്ധീകരിക്കാറുണ്ട്. കൂടാതെ ഇൻഡ്യൻ മെഡിക്കൽ അസോസിയേഷനേയും ഔഷധ വ്യാപാര സംഘടനകളെയും വിവരങ്ങൾ അറിയിക്കാറുണ്ട്. |
| സി) ഇതിന് ഉചിതമായ രീതിയിൽ അറിയിപ്പ് നൽകുന്നതിന് വൈകാതെ നടപടിയുണ്ടാകുമോയെന്ന് വ്യക്തമാക്കുമോ? | സി) | കേന്ദ്ര സർക്കാർ നിരോധിക്കുന്ന മരുന്നുകൾ വിപണിയിൽ ലഭ്യമാകുന്നില്ല എന്ന് ഉറപ്പുവരുത്തുന്നതിനായി വകുപ്പ് നിലവിൽ സ്വീകരിച്ചുവരുന്ന നടപടികൾ കാര്യപ്രാപ്തമാണ്. ഉചിതമായ രീതിയിൽ അറിയിപ്പു നൽകുന്നതിനും കാലതാമസം വരുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ